**Athmaraksha.org**

ലേഖനം - സാത്താന്റെ പ്രവർത്തനങ്ങൾ

## സാത്താൻ ആരാധകരെ അതിജീവിച്ച് ഫീനിക്സ് സിറ്റി കൗൺസിൽ




ഫീനിക്സ്, അരിസോണ: ഫീനിക്സ് സിറ്റി കൗൺസിലിൽ സാത്താൻ പ്രാർത്ഥനയെ മാറ്റിനിർത്താനായി എല്ലാ പ്രാർത്ഥനകളും വേണ്ടെന്നുവച്ച് നിശബ്ദത തിരഞ്ഞെടുത്തത് ഒരു മാസം മുമ്പ് മാധ്യമങ്ങളിൽ വലിയ വാർത്തയായിരുന്നു. കൗൺസിൽ മീറ്റിംഗുകളിൽ എല്ലാ അംഗങ്ങളും ഓരോ ചെറിയ പ്രാർത്ഥനകൾ ചൊല്ലുന്ന വർഷങ്ങളായുള്ള പതിവാണ് ഒരു സാത്താൻ ആരാധകൻ അംഗമായപ്പോൾ പ്രതിസന്ധിയിലായത്. അദ്ദേഹം പിശാചിനോട് പ്രാർത്ഥിക്കാൻ തുടങ്ങിയതോടെയാണ് മറ്റു പ്രാർത്ഥനകൾ കൂടി വേണ്ടെന്നു വയ്ക്കേണ്ട അവസ്ഥയുണ്ടായത്. 'പ്രാർത്ഥനയെ തോൽപിച്ച സാത്താൻ' എന്ന ശീർഷകത്തോടെ ഈ വാർത്ത നാം മുമ്പ് നൽകിയിരുന്നു. എന്നാൽ ആ തോൽവിയെ അതിജീവിച്ചിരിക്കുകയാണ് ഫീനിക്സ് സിറ്റി കൗൺസിൽ.

ഇന്നലെ ആ തീരുമാനത്തെ തിരുത്തി 72 വോട്ടിംഗിലൂടെ സിറ്റി പോലീസിലെ ചാപ്ലയിൻ പ്രാർത്ഥന നയിക്കുമെന്ന തീരുമാനവുമായി കൗൺസിൽ മാതൃക കാട്ടി. ചാപ്ലയിൻ പ്രാർത്ഥന നയിക്കാൻ തീരുമാനിച്ചതോടെ സാത്താൻ പ്രാർത്ഥന ഉൾച്ചേർക്കുന്നതിനുള്ള ആവശ്യം നിരാകരിക്കപ്പെടുകയും ചെയ്തു. '65 വർഷം തുടർന്നുവന്ന രീതി കൂടുതൽ ശക്തായി വീണ്ടും ആരംഭിക്കുവാനുള്ള തീരുമാനമാണ് ഞങ്ങൾ നടപ്പിലാക്കിയിരിക്കുന്നത്.' കൗൺസിൽ മെംബർ സാൽ ഡിസിസിയോ പറഞ്ഞു.

നിശബ്ദത മതി എന്ന വാദം കഴിഞ്ഞ മാസം 54 ന് വോട്ടിംഗിൽ വിജയിച്ചപ്പോൾ അത് സാത്താൻ ആരാധകർക്കുള്ള വിജയമായിട്ടാണ് മാധ്യമങ്ങളും വിശ്വാസികളും വിലയിരുത്തിയത്. കാരണം എല്ലാ പ്രാർത്ഥനകളും ഇല്ലാതായല്ലോ. അന്ന് ഡിസിസിസിയോയുടെ നേതൃത്വത്തിലുള്ള കൗൺസിൽ അംഗങ്ങൾ അതിനെതിരെ വോട്ട് ചെയ്തിരുന്നു. നിശബ്ദത അവലംബിക്കുന്നതിന് പകരം മറ്റു മാർഗങ്ങളുണ്ടെന്ന ശക്തമായ വിലയിരുത്തലും ഉണ്ടായിരുന്നു. അംഗങ്ങൾ പ്രാർത്ഥിക്കുന്നതിന് പകരം ചാപ്ലയിനെ നിയോഗിക്കുന്നതിനുള്ള തീരുമാനം വന്നതോടെ സാത്താൻ ആരാധകരും അങ്കലാപ്പിലായിരിക്കുകയാണ്. 'സിറ്റി കൗൺസിലിൽ ഓർഡിനൻസിലൂടെ ഇത്തരമൊരു തീരുമാനം എടുത്തിരിക്കുന്നതിനാൽ ആർക്കും ഇതിനെ എതിർക്കാനാവുമെന്നും തോന്നുന്നില്ല.'

ഡിസിസിയോ വ്യക്തമാക്കി.

ഓർഡിനൻസ് പാസ്സാക്കുന്നതിന് മുമ്പ് വിശദമായ വാദങ്ങളുണ്ടായിരുന്നു. പ്രാർത്ഥന നടത്താൻ അനുമതി നൽകുന്ന സുപ്രീം കോടതി വിധിയെയാണ് എല്ലാവരും എടുത്തുകാട്ടിയത്. അതിനാൽതന്നെ നിയമപരമായ പിന്തുണ ലഭിക്കുമെന്നും വിലയിരുത്തപ്പെട്ടു. സമൂഹത്തിൽനിന്ന് വലിയ പ്രതിഷേധം നിശബ്ദത അവലംബിച്ച നടപടിക്കെതിരെ ഉയരുകയും ചെയ്തിരുന്നു. ചെറിയൊരു പ്രാർത്ഥനയുടെ കാര്യമാണെങ്കിലും സിറ്റി കൗൺസിലും ജനങ്ങളും അതിനെ ഗൗരവമായെടുത്ത സംഭവം വിശ്വാസികൾക്ക് പ്രതീക്ഷ നൽകുന്നതാണ്. കാരണം, വിശ്വാസപരമായ കാര്യങ്ങളിൽ ജനങ്ങൾ വിട്ടുവീഴ്ചയില്ലാത്ത ഇത്തരം നിലപാടുകൾ എടുക്കുന്നതും ആശാവഹമാണ്. ചെറിയകാര്യങ്ങളിലുള്ള വിജയമാണ് തിന്മയ്ക്കെതിരെ ശക്തമായി നിലകൊള്ളാനുള്ള വഴി. ചെറിയകാര്യങ്ങൾ അവഗണിച്ചുതുടങ്ങിയാൽ വലിയ വീഴ്ചകൾ ഉണ്ടായിത്തുടങ്ങും.

കടപ്പാട് : us.sundayshalom.com

ഏതൊരു വ്യക്തിയെയും കുടുംബത്തെയും ദേശത്തെയും തകർക്കാൻ സാത്താൻ ഒരുക്കുന്ന ആദ്യത്തെ കെണിയാണ് 'പ്രാർത്ഥന നിറുത്തലാക്കുക' എന്നത്. പ്രത്യേകിച്ച് മനുഷ്യന്റെ നാവുകൊണ്ട് ദൈവത്തെ സ്തുതിച്ചു കൊണ്ടുള്ള പ്രാർത്ഥന. അതിന് സാത്താൻ ചില തെറ്റായ ബോധ്യങ്ങൾ മനുഷ്യന്റെ ബുദ്ധിയിലേക്ക് നൽകും അതിൽ ഒന്നാണ് 'മൗനമായിട്ട് പ്രാർത്ഥിച്ചാൽ ദൈവം കേൾക്കുമല്ലോ; പിന്നെ എന്തിനാണ് ഉച്ചത്തിൽ പ്രാർത്ഥിക്കുന്നത്?' എന്നൊക്കെ. കാരണം മനുഷ്യൻ സ്വന്തം നാവുകൊണ്ട് ഏറ്റുചൊല്ലി എവിടെയൊക്കെ ദൈവത്തോടു പ്രാർത്ഥിക്കുന്നുവോ അവിടെ സാത്താന് നില നിൽക്കാനാവില്ല.